ഫോസിൽ ഇന്ധനങ്ങളുടെ പരിമിതി

നാം സാധാരണയായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഊർജ സ്രോതസ്സുകളാണ് എണ്ണ, കൽക്കരി, പ്രകൃതി വാതകം എന്നിവ. അവ ഫോസിൽ ഇന്ധനങ്ങൾ എന്നറിയപ്പെടുന്നു. ഫോസിൽ ഇന്ധനങ്ങളുമായി ബന്ധപ്പെട്ട് ലോകത്തിന് നിരവധി ആശങ്കകളുണ്ട്. അവ തീർന്നുപോകും എന്നതാണ് ഒന്ന്. വായു- ജല മലിനീകരണം, ഭൂമിയുടെ നശീകരണം, ആഗോളതാപനം എന്നിവയാണ് അതുമായി ബന്ധപ്പെട്ട മറ്റ് ആശങ്കകൾ. ഈ ഭയാശങ്കകളാണ് ഊർജത്തിന്റെ പുതിയ ഉറവിടങ്ങൾ കണ്ടെത്താൻ ശാസ്ത്രജ്ഞരെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം.

മഞ്ചേശ്വരം ലെവൽ ക്രോസ് അടച്ചിടും

കാസർകോട്: ട്രാക്ക് നവീകരണ ജോലികൾക്കായി മഞ്ചേശ്വരം ലെവൽ ക്രോസ് ഗേറ്റ് നമ്പർ-291 അടക്കുന്ന സാഹചര്യത്തിൽ ജൂലൈ 13ന് രാവിലെ എട്ടുമുതൽ 19ന് വൈകീട്ട് ആറുവരെ ഗതാഗതം വഴിതിരിച്ചുവിടും. ബദൽ റൂട്ടായ കുഞ്ചത്തൂർ, കണ്വതീർഥ, ബങ്കര മഞ്ചേശ്വര (ശനീശ്വർ റോഡ്), ഹൊസങ്കടി എന്നിങ്ങനെയാണ് വഴിതിരിച്ചുവിടുകയെന്ന് സതേൺ റെയിൽവേ മംഗളൂരു അസി. ഡിവിഷനൽ എൻജിനീയർ അറിയിച്ചു.

മാക്സി തയ്യൽ പരിശീലനം

കാസർകോട്: പടന്ന ഗ്രാമ പഞ്ചായത്ത് ഒമ്പതാം വാർഡിന്റെ സഹകരണത്തോടെ ജൂലൈ 12ന് മാക്സി നിർമാണത്തിൽ പരിശീലനം നൽകുന്നു. 100 വനിതകൾക്ക് ആദ്യ ഘട്ടത്തിൽ നടക്കാവ് നെരൂദ തിയറ്റേഴ്സ് കേന്ദ്രത്തിൽ പരിശീലനവും തൊഴിലും നൽകും. ഒരു മാക്സിക്ക് 20 രൂപ തയ്യൽ കൂലി നൽകും. പടന്ന ഗ്രാമ പഞ്ചായത്ത് ഒമ്പതാം വാർഡുമായി സഹകരിച്ച് നടത്തുന്ന പരിശീലനത്തിന്റെ ഉദ്ഘാടനം ജൂലൈ 12 രാവിലെ 10ന് നെരൂദയിൽ നടക്കുമെന്ന് പഞ്ചായത്ത് മെംബർ പി.പി. കുഞ്ഞികൃഷ്ണൻ മാസ്റ്റർ അറിയിച്ചു.

മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അനുശോചിച്ചു

തിരുവനന്തപുരം: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറ അംഗം ഫള്ൽ കോയമ്മ തങ്ങളുടെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കാസർകോട്, ദക്ഷിണ കന്നട, കുടക് പ്രദേശങ്ങളിലെ അറുപത് മഹല്ലുകളുടെ ഖാദിയായ അദ്ദേഹം ദക്ഷിണ കന്നട സംയുക്ത ജമാഅത്ത് ഖാദിയുമായിരുന്നുവെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

ഫള്ൽ കോയമ്മ തങ്ങളുടെ നിര്യാണത്തിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ അനുശോചിച്ചു. കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെ സന്തത സഹചാരിയായി സുന്നി സമൂഹത്തിന്റെ നേതൃനിരയിൽ പ്രവർത്തിച്ച തങ്ങളുടെ വിയോഗം നികത്താനാകാത്ത നഷ്ടമാണ്. കുടുംബാംഗങ്ങളുടെയും വിശ്വാസി സമൂഹത്തിന്റെയും ദുഃഖത്തിൽ പങ്കുചേരുന്നതായി പ്രതിപക്ഷനേതാവ് അറിയിച്ചു.

2.75 കോടി കുടിശ്ശിക

ബസ് സ്റ്റാൻഡ് കെട്ടിട നിർമാണം മന്ദഗതിയിൽ

» മൂന്നരക്കോടിയുടെ പ്രവൃത്തിയാണ് പൂർത്തിയായത്

നീലേശ്വരം: നഗരസഭയുടെ സ്വപ്ന പദ്ധതിയായ പുതിയ ബസ് സ്റ്റാൻഡ് ഷോപ്പിങ് കോംപ്ലക്സ് പ്രവൃത്തി മന്ദഗതിയിൽ. പൂർത്തിയായ പ്രവൃത്തിയുടെ രണ്ടേമുക്കാൽ കോടിയുടെ ബില്ല് കരാറുകാരന് ലഭിക്കാത്തതാണ് നിർമാണ പ്രതിസന്ധിക്ക് കാരണം.

മൂന്നരകോടിയുടെ പ്രവൃത്തി പൂർത്തിയായി. ഇതിൽ രണ്ടേമുക്കാൽ കോടിയുടെ ബില്ല് സമർപ്പിച്ചെങ്കിലും കരാറുകാരന് പണം ലഭിച്ചില്ല. കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷനിൽ നിന്നും 15,53,50,000 രൂപ ബസ് സ്റ്റാൻഡ് കെട്ടിടം നിർമിക്കാനായി നഗരസഭ അധികൃതർ വായ്പ അപേക്ഷ നൽകിയിരുന്നു. എന്നാൽ, ഫിനാൻസ് കോർപറേഷനുമായി നീലേശ്വരം നഗരസഭ ധാരണാപത്രത്തിൽ ഒപ്പുവെക്കാത്തതിനാൽ കരാറുകാരന് പണം ലഭിച്ചില്ല. ഒപ്പുവെച്ചാൽ മാത്രമേ സമർപ്പിച്ച ബില്ലിന്റെ 90 ശതമാനം കരാറുകാരന് ലഭിക്കുകയുള്ളൂ. മാത്രമല്ല, വായ്പയെടുക്കാനുള്ള അനുവാദം സർക്കാറിൽ നിന്നു ലഭിച്ചാലെ നഗരസഭ സെക്രട്ടറിക്ക് ധാരണാപത്രത്തിൽ ഒപ്പിടാൻ സാധിക്കുകയുള്ളൂ.

നീലേശ്വരം നഗരസഭ ബസ് സ്റ്റാൻഡ് കം ഷോപ്പിങ് കോംപ്ലക്സിന്റെ നിർമാണപ്രവൃത്തി

കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് വായ്പയെടുക്കാൻ നഗരസഭ സർക്കാറിലേക്ക് അപേക്ഷ സമർപ്പിച്ച് ഒരുവർഷം കഴിഞ്ഞിട്ടും അനുമതി കിട്ടിയിട്ടില്ല. ഇതാണ് പ്രതിസന്ധിയിലാക്കിയത്.

നഗരസഭ ചെയർപേഴ്സൻ ടി.വി. ശാന്തയും മറ്റ് ജനപ്രതിനിധികളും തിരുവനന്തപുരത്തെത്തി ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ കണ്ടിട്ടും അനുമതി ലഭിച്ചില്ല.

വാഹന പാർക്കിങ് ഏരിയയുടെ പ്രവൃത്തി പൂർത്തിയായ ശേഷം ഒന്നാം നിലയുടെ പണി ആരംഭിച്ചിരുന്നു. ഈ പ്രവൃത്തിയാണ് നിലവിൽ മന്ദഗതിയിൽ നീങ്ങുന്നത്.

ജനറേറ്റർ പുക ശ്വസിച്ച് വിദ്യാർഥിനികൾ ആശുപത്രിയിലായ സംഭവം: പൊലീസിൽ പരാതി

കാഞ്ഞങ്ങാട്: പുതിയകോട്ട അമ്മയും കുഞ്ഞും ആശുപത്രിയിൽ നിന്ന് ജനറേറ്ററിന്റെ വിഷപ്പുക ശ്വസിച്ച് അസ്വസ്ഥരായി 50 ലേറെ വിദ്യാർഥിനികൾ ആശുപത്രിയിലായ സംഭവത്തിൽ ഉത്തരവാദികൾക്കെതിരെ കേസെടുക്കണമെന്ന് ലിറ്റിൽഫ്ലവർ ഗേൾസ് സ്കൂൾ മാനേജ്മെന്റ് പി.ടി.എ യോഗം പൊലീസിനോട് ആവശ്യപ്പെട്ടു.

സംഭവത്തിൽ സ്കൂൾ അധികൃതർ നേരത്തെ ഹോസ്ദുർഗ് പൊലീസിനും ജില്ല പൊലീസ് മേധാവിക്കും പരാതി നൽകിയിരുന്നു. ഈ പരാതിയിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കണമെന്നാണ് ആവശ്യം. ചികിത്സ തേടിയ കുട്ടികൾക്ക് സർക്കാറിന്റെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം നൽകണമെന്നും ആവശ്യപ്പെട്ടു.

മംഗളൂരു ആശുപത്രിയിൽ പ്രവേശിപ്പിച്ച വിദ്യാർഥിനികളടക്കം ഗുരുതരാവസ്ഥയിലുള്ള കുട്ടികൾക്ക് സ്കൂൾ ഫണ്ടിൽനിന്ന് സഹായം നൽകും. ഹോസ്ദുർഗ് ലിറ്റിൽ ഫ്ലവർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ചേർന്ന യോഗത്തിൽ സംഭവത്തിൽ വിശദമായ ചർച്ച നടത്തി.

സംഭവം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കലക്ടർ കാഞ്ഞങ്ങാട് സബ് കലക്ടറോട് ആവശ്യപ്പെട്ടതിനാൽ അതുവരെ കാത്തിരിക്കാനും യോഗം തീരുമാനിച്ചു.

കാഞ്ഞങ്ങാട് മർച്ചന്റ്സ് അസോസിയേഷന്റെ നിവേദനം പ്രസിഡന്റ് സി.കെ. ആസിഫ് ജില്ല പൊലീസ് മേധാവി പി. ബിജോയ്ക്ക് കൈമാറുന്നു

അനധികൃത പാർക്കിങ്ങിനെതിരെ നടപടി -പൊലീസ് മേധാവി

കാഞ്ഞങ്ങാട്: നഗരത്തിൽ ഗതാഗത നിയന്ത്രണം കാര്യക്ഷമമാക്കാനും സർവിസ് റോഡിലെ അനധികൃതപാർക്കിങ് ഒഴിവാക്കാനും കർശന നടപടിയെടുക്കുമെന്ന് ജില്ല പൊലീസ് മേധാവി പി. ബിജോയ്. കാഞ്ഞങ്ങാട്ടെ ഗതാഗതക്കുരുക്കിനും അനധികൃത പാർക്കിങ്ങിനും പരിഹാരം കാണണമെന്നാവശ്യപ്പെട്ട് മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് സി.കെ. ആസിഫിന്റെ നേതൃത്വത്തിൽ എത്തിയ നിവേദക സംഘത്തോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇടപാടുകാർക്ക് വാഹനങ്ങൾ പാർക്ക് ചെയ്യാൻ ഇടമില്ലാത്തതിനാൽ ആളുകൾക്ക് കച്ചവടസ്ഥാപനങ്ങളിലേക്ക് കയറാൻ പ്രയാസം നേരിടുന്നത് വ്യാപാരമേഖലയിലെ പ്രതിസന്ധിക്ക് കാരണമായി. കോട്ടച്ചേരി ട്രാഫിക് സർക്കിളിന്റെ ഇരുവശങ്ങളിലും സർവിസ് റോഡിലും നടക്കുന്ന പൊലീസ് പരിശോധനയും പ്രയാസങ്ങളുണ്ടാക്കുന്നു. കടകളിലെത്തുന്ന ഇടപാടുകാരിൽനിന്ന് പാർക്കിങ്ങിന്റെ പേരിൽ പിഴ ഈടാക്കുന്നതും പൊലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഹോസ്ദുർഗ് പൊലീസ് ഇൻസ്പെക്ടർ എം.പി. ആസാദ്, ഐശ്വര്യകുമാരൻ, പി. മഹേഷ്, എൻ. ഷരീഖ്, ടി. മുഹമ്മദ് അസ്‌ലം എന്നിവർ നിവേദത സംഘത്തിലുണ്ടായിരുന്നു.

ഹോട്ടൽ വ്യാപാരികളുടെ കലക്ടറേറ്റ് മാർച്ച്

കാസർകോട്: കേരള ഹോട്ടൽ ആൻഡ് റെസ്റ്റാറന്റ് അസോസിയേഷൻ ജില്ല കമ്മിറ്റി ആഭിമുഖ്യത്തിൽ അവശ്യസാധനങ്ങളുടെ വിലവർധനവിലും സമാന്തര ഹോട്ടൽ തട്ടുകടകൾക്കെതിരെയും ഹോട്ടൽ അടച്ചിട്ട് കലക്ടറേറ്റ് മാർച്ചും ധർണയും നടത്തി.

അസോസിയേഷൻ സംസ്ഥാന ട്രഷർ മുഹമ്മദ് ഷെരിഫ് ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് നാരയണ പൂജാരി അധ്യക്ഷവഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സുഗുണൻ മുഖ്യപ്രഭാഷണം നടത്തി. വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ല പ്രസിഡന്റ് അഹമ്മദ് ഷെരിഫ്, അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ബാലകൃഷ്ണ പൊതുവാൾ, മുഹമ്മദ് ഗസാലി, അബ്ദുല്ല താജ്, പ്രകാശൻ പരിപ്പവട എന്നിവർ സംസാരിച്ചു. സത്യനാഥാൻ ഇരിയണ്ണി, റെഫീക്ക് ബെയിത്താൻ, അജേഷ് എന്നിവർ നേതൃത്വം നൽകി. ജില്ല സെക്രട്ടറി ബിജു ചുള്ളിക്കര സ്വാഗതവും ട്രഷർ രഘുവീർ പൈ നന്ദിയും പറഞ്ഞു.

അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ മന്ത്രി സജി ചെറിയാന് നിവേദനം നൽകുന്നു

അജാനൂർ മത്സ്യബന്ധന തുറമുഖം: 'ഡി.പി.ആർ 30നകം സമർപ്പിക്കും'

കാഞ്ഞങ്ങാട്: അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുകയാണെന്നും അന്തിമ ഡി.പി.ആർ ജൂലൈ മുപ്പതിനകം സമർപ്പിക്കുമെന്നും മന്ത്രി സജി ചെറിയാൻ ഉറപ്പു നൽകി.

സി.പി.എം കാഞ്ഞങ്ങാട് ഏരിയ സെക്രട്ടറി കെ. രാജ്മോഹനൻ, അജാനൂർ പഞ്ചയത്ത് വൈസ് പ്രസിഡന്റ് കെ. സബീഷ് എന്നിവർ തിരുവനന്തപരത്ത് വെച്ച് മന്ത്രിക്ക് നിവേദനം നൽകിയപ്പോഴാണ് ഉറപ്പ് നൽകിയത്. തുറമുഖം സ്ഥാപിക്കാനുള്ള പ്രവർത്തനം 2006ൽ കെ.വി. കുഞ്ഞിരാമൻ എം.എൽ.എയുടെ നേതൃത്വത്തിലാണ് ആരംഭിച്ചത്. 2011 മുതൽ ഇ. ചന്ദ്രശേഖരൻ എം.എൽ.എയുടെ ഇടപെടലിനെ തുടർന്നാണ് പദ്ധതി രൂപവത്കരണം അന്തിമഘട്ടത്തിൽ എത്തിയത്. 2012 ലാണ് തുറമുഖം സ്ഥാപിക്കാനുള്ള പഠനഗവേഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസിനെ ചുമതലപ്പെടുത്തുന്നത്. 2016 ൽ പഠനറിപ്പോർട്ട് നൽകി. അന്തിമ റിപ്പോർട്ട് ഇപ്പോൾ ലഭ്യമായിട്ടുണ്ട്. അതുപ്രകാരമുള്ള പദ്ധതി റിപ്പോർട്ട് ജൂലൈ മുപ്പതിനകം കേന്ദ്ര സർക്കാറിന് കൈമാറുമെന്ന് മന്ത്രി പറഞ്ഞു.

ഓർക്കുളം പാലത്തിന് 39.98 കോടിയുടെ അനുമതി

നീലേശ്വരം: നഗരസഭയിലെ അഴിത്തലയെയും ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ഓർക്കുളത്തെയും ബന്ധിപ്പിച്ച് നിർമിക്കുന്ന അഴിത്തല - ഓർക്കുളം പാലത്തിന് 39.98 കോടി രൂപയുടെ സാങ്കേതിക കാനുമതി ലഭിച്ചു.

തീരദേശ മേഖലയുടെ വികസനത്തിന് നാഴികക്കല്ലാകുന്ന പദ്ധതി പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗമാണ് നിർമിക്കുക. തേജസ്വിനി പുഴയുടെ ഏറ്റവും വീതി കൂടിയ ഭാഗങ്ങളിൽ ഒന്നായ ഇവിടെ 300 മീറ്ററിലധികമാണ് പുഴയുടെ വീതി.

സംസ്ഥാന ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയ പദ്ധതിക്ക് 39.98 കോടി രൂപ അനുവദിച്ചത് എം. രാജഗോപാലൻ എം.എൽ.എ മന്ത്രി കെ.എൻ. രാജഗോപാലനുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ്.

നിർദ്ദിഷ്ട തീരദേശ ഹൈവേയെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ഈ പാലം ഗതാഗത രംഗത്തോടൊപ്പം ടൂറിസം, മത്സ്യബന്ധനം, വാണിജ്യം എന്നീ രംഗങ്ങളിലും വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും.

317.8 മീറ്റർ നീളമുള്ള പാലത്തിന് ഇരുഭാഗങ്ങളിലും നടപ്പാത നിർമിക്കുന്നുണ്ട്. ആവശ്യമായ സംരക്ഷണ ഭിത്തിയോടു കൂടി 320 മീറ്റർ സമീപനപാതയും നിർമിക്കും.

സമീപനപാത നിർമാണത്തിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്തിയത് ഇതിനുവേണ്ടി രൂപവത്കരിച്ച ജനകീയ കമ്മിറ്റിയുടെ ഇടപെടൽ മൂലമാണ്.

'ദേശീയപാതയിൽ അപകടങ്ങൾ തടയാൻ നടപടി വേണം'

കാസർകോട്: ദേശീയപാത നിർമാണം പുരോഗമിക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളും പ്രയാസങ്ങളും നേരിടാൻ നടപടിവേണമെന്ന് എ.കെ.എം അഷ്റഫ് എം.എൽ.എ ജില്ല വികസന സമിതിയിൽ ആവശ്യപ്പെട്ടു.

തലപ്പാടി -ചെങ്കള റീച്ചിൽ ദേശീയപാത നിർമാണം അതിവേഗം പുരോഗമിക്കുമ്പോൾ അപകടങ്ങളും അപകട മരണങ്ങളും പരിക്കുകളും വർധിക്കുകയാണ്. ആവശ്യമായ മുന്നറിയിപ്പ് സംവിധാനങ്ങളും സർവിസ് റോഡിൽ രൂപപ്പെടുന്ന വലിയ കുഴികളും വെള്ളക്കെട്ടുകളും അശാസ്ത്രീയമായി നിർമിച്ച താൽക്കാലിക ഹമ്പുകളുമാണ് പ്രധാനമായും അപകടങ്ങൾക്ക് കാരണമാകുന്നത്.

രാത്രികാലങ്ങളിൽ മുന്നറിയിപ്പ് സംവിധാനങ്ങൾ യാത്രക്കാർക്ക് പെട്ടെന്ന് ശ്രദ്ധയിൽപെടാത്തതും സർവിസ് റോഡിലെ ഓവുചാൽ സ്ലാബിനും റോഡിനുമിടയിലുള്ള ഉയരക്കൂടുതലും അപകടങ്ങൾക്ക് കാരണമാകുന്നു. റോഡിൽ ഒഴിക്കുന്ന വെള്ളം കൃത്യമായി ഓടയിലേക്ക് ചെന്നെത്താത്തതും അപകട സാധ്യത ഉയർത്തുന്നു. ഇതിനുപുറമെ ദേശീയപാതയിൽ നിന്നൊഴുകുന്ന വെള്ളം പലവീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും കയറുന്നതുമൂലമുണ്ടാകുന്ന പരാതികളും ഏറെയാണ്.

ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് എം.എൽ.എ ആവശ്യപ്പെട്ടു.

അജാനൂർ മത്സ്യബന്ധന തുറമുഖം സിവിൽ സ്റ്റേഷൻ മാർച്ച് 11ന്

കാഞ്ഞങ്ങാട്: മത്സ്യത്തൊഴിലാളികളുടെ ജീവിതദുരിതങ്ങൾക്ക് അറുതിയുണ്ടാകണമെങ്കിൽ അജാനൂർ തീരദേശത്ത് ഫിഷിങ് ഹാർബർ നിലവിൽ വരണമെന്ന് അജാനൂർ കടപ്പുറം ശ്രീകുറുമ്പ ഭഗവതി ക്ഷേത്രം ഭാരവാഹികൾ വാർത്ത സമ്മേളനത്തിൽ ആവശ്യപ്പെട്ടു. വിഷയം കേരളത്തിലെ മാറിമാറി വന്ന സർക്കാറുകളുടെ ശ്രദ്ധയിൽപ്പെടുത്താൻ തുടങ്ങിയിട്ട് 13 വർഷമായി.

അജാനൂർ കടപ്പുറം ശ്രീ കുറുമ്പ ഭഗവതി ക്ഷേത്ര ഭരണസമിതി നിവേദനങ്ങളായും നേരിട്ടും മന്ത്രിമാരെയും കാഞ്ഞങ്ങാട് എം.എൽ.എയും, വകുപ്പുതല ഉന്നത ഉദ്യോഗസ്ഥരെയും കണ്ടിരുന്നു. പദ്ധതി എത്രയും പെട്ടെന്ന് തുടങ്ങുന്നതിന് നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നാണ് ജനങ്ങളുടെ ആവശ്യം. വേണ്ട സർവേകൾ പൂർത്തീകരിച്ചെങ്കിലും പദ്ധതിക്കായുള്ള ഔദ്യോഗിക പ്രഖ്യാപനം വരാത്തത് തീരദേശവാസികളിൽ ആശങ്ക ഉളവാക്കിയിട്ടുണ്ട്.

അജാനൂർ കടപ്പുറം ശ്രീകുറുമ്പ ഭഗവതി ക്ഷേത്രത്തിന്റെ കീഴിൽ വരുന്ന മുഴുവൻ സമുദായ അംഗങ്ങളെയും ഉൾപ്പെടുത്തി ഈ മാസം 11 ന് കാഞ്ഞങ്ങാട് സിവിൽ സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്താൻ നിർബന്ധിതരായിരിക്കുകയാണെന്ന് ഭാരവാഹികൾ പറഞ്ഞു.

'മോഷ്ടാക്കളെ പിടികൂടണം'

കാസർകോട്: ആഴ്ചകൾക്കു മുമ്പ് നഗരത്തിൽ നടന്ന കവർച്ചയിൽ ഇതുവരെയും പ്രതികളെ കണ്ടെത്തുന്നതിൽ പൊലീസ് പരാജയമാണെന്നും മോഷ്ടാക്കളെ ഉടൻ പിടികൂടണമെന്നും മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ടി.എ. ഇല്യാസ് കുറ്റപ്പെടുത്തി. പൊലീസ് സ്റ്റേഷൻ പരിസരത്ത് തുറസ്സായ വഴിയരികിൽ ഒരേ ദിവസം നടന്ന മൂന്നു കവർച്ചകളിൽ തുമ്പുണ്ടാക്കാനോ പ്രതികളെ പിടിക്കാനോ ഇതുവരെയായും പൊലീസിനായിട്ടില്ല.

പൊലീസ് പട്രോളിങ് ശക്തമാക്കി കച്ചവടസ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്നും അദ്ദേഹം വാർത്തക്കുറിപ്പിൽ ആവശ്യപ്പെട്ടു.

സമസ്ത ശാക്തീകരണ യാത്രക്ക് കീഴൂർ റേഞ്ചിൽ തുടക്കം

കാസർകോട്: സമസ്ത കേരള മദ്റസ മാനേജ്മെന്റ് അസോസിയേഷൻ ജില്ല കമ്മിറ്റി സംഘടിപ്പിക്കുന്ന സമസ്ത ശാക്തീകരണ യാത്രയുടെ ആറാംദിന പരിപാടിക്ക് കീഴൂർ റേഞ്ചിൽ തുടക്കം.

കീഴൂർ സംയുക്ത ജമാഅത്ത് ഓഡിറ്റോറിയത്തിൽ കീഴൂർ സംയുക്ത ജമാഅത്ത് ജനറൽ സെക്രട്ടറി കല്ലട മാഹിൻ ഹാജി ഉദ്ഘാടനം ചെയ്തു. റേഞ്ച് മാനേജ്മെന്റ് വർക്കിങ് പ്രസിഡന്റ് നിസാർ ബെള്ളിപ്പാടി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഇബ്രാഹിം കുന്നാര ആമുഖ പ്രഭാഷണം നടത്തി. സമസ്ത മദ്റസ മാനേജ്മെന്റ് ജില്ല വർക്കിങ് പ്രസിഡന്റ് കെ.ബി. കുട്ടി ഹാജി, മൊയ്തീൻ മാസ്റ്റർ കമ്പല്ലൂർ, അഷ്റഫ് റഹ്മാനി ചൗക്കി, സവാദ് ദാരിമി ദേലംപാടി, ഖാസിം കല്ലട്ര തുടങ്ങിയവർ സംസാരിച്ചു. ജില്ല ജനറൽ സെക്രട്ടറി റഷീദ് ബെളിഞ്ചം വിഷയം അവതരിപ്പിച്ചു.

വിപണി

സ്വർണവില കുറഞ്ഞു

കോഴിക്കോട്: സ്വർണം പവന് 80 രൂപയും തങ്കത്തിന് 300 രൂപയും കുറഞ്ഞു

സ്വർണം-	53680
തങ്കം-	71300
വെള്ളി-	94500
വെളിച്ചെണ്ണ	16000
കൊപ്ര എടുത്തപടി	9850
കൊപ്ര റാസ്	9450
കൊപ്ര ദിൽപസന്ത്	9950
കൊപ്ര രാജപ്പൂർ	10000
കൊപ്ര ഉണ്ട	8800
പിണ്ണാക്ക് റോട്ടറി	2900
പിണ്ണാക്ക് എക്സ്പല്ലർ	2500
നാളികേര നാടൻ	
വടകര കൊട്ടത്തേങ്ങ	9500 10000
ചെറിയ കൊട്ടത്തേങ്ങ	10500 11000
വലിയ കൊട്ടത്തേങ്ങ	12000 13000
ചൂടി കൊയിലാണ്ടി -1	9100
ചൂടി കൊയിലാണ്ടി -2	8300
ചൂടി ബേപ്പൂർ -1	6500
ചൂടി ബേപ്പൂർ - 2	6000
കുരുമുളക് പുതിയത്	
,, നാടൻ	64300
,, ചേട്ടൻ	65800
,, വയനാടൻ	66800
ചുക്ക്	14000 17000
മഞ്ഞൾ	8000
അടയ്ക്ക	32000
ഏലം പച്ച	1050 1400
റബ്ബർ ആർ.എസ്.എസ്.4	20300
റബ്ബർ ആർ.എസ്.എല്.5	19000
റബ്ബർ ഒട്ടുപാൽ	12500
ഉണക്ക കപ്പ	257

കണ്ണൂർ

വെളിച്ചെണ്ണ	2,440
ബോക്സ്	1,560
കൊപ്ര	9,200
തേങ്ങ	2,900
പിണ്ണാക്ക്	2,800
കുരുമുളക്	64,000
അടക്ക പുതിയത്	33,000
പഴയത്	34,000
പഞ്ചസാര	4070
വല്ലം	4600-4900
ചച്ചരി	3300
കുറുവ	3900
പൊന്നി	4600
റോസ്	4600
ബോധന	3900
മൈദ	1960

കാസർകോട്

അരി എ.പി.എം	4350
മഹാലക്ഷ്മി	4350
സൂപ്പർഫൈൻ	6400
ആനമാർക്ക്	5500
ആദിശക്തി	4350
പഞ്ചസാര	4100
വെളിച്ചെണ്ണ (ബോക്സ്)	1600
മൈദ ചാക്ക്	1950
മുളക്	46000
പച്ചരി 2	970
എള്ള് പിണ്ണാക്ക്	1470
അടക്ക പുതിയത്	30500-38000
പഴയത്	37000-46500
കുരുമുളക്	50000-65000
കൊപ്ര	7000-8000
തേങ്ങ പൊതിച്ചത്	2000-3050

റബർ ബോർഡ് വില

കോട്ടയം

ആർ.എസ്.എസ്–4	20600
ആർ.എസ്.എസ്–5	20400
ഐ.എസ്.എൻ.ആർ-20	18200
ലാറ്റക്സ് 60% drc)	15270

സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വിപണി വിവരങ്ങൾ അറിയാൻ

മീഡിയ വൺ

06.00	ന്യൂസ് അപ്ഡേറ്റ്	03.30	മീഡിയ സ്കാൻ
07.00	ന്യൂസ് മോർണിംഗ്	04.00	ഈവനിംഗ് എഡിഷൻ
07.30	ഫാസ്റ്റ് ന്യൂസ്	05.30	യൂറോ കോപ്പ
08.00	ന്യൂസ് മോർണിംഗ്	06.00	ഈവനിംഗ് ന്യൂസ്
09.00	ന്യൂസ് @ 9	06.30	നാട്ടുവിശേഷം
10.00	സീറോ അവർ	07.00	ജസ്റ്റ് എ മിനിറ്റ്
11.30	ഫാസ്റ്റ് ന്യൂസ്	07.30	ന്യൂസ് അപ്ഡേറ്റ്
12.00	സീറോ അവർ	08.00	സ്പെഷ്യൽ എഡിഷൻ
01.00	ഫസ്റ്റ് റൗണ്ട് അപ്പ്	09.00	ന്യൂസ് ഡികോഡ്
01.30	ഫാസ്റ്റ് ന്യൂസ്	09.30	ഔട്ട് ഓഫ് ഫോകസ്
02.00	ന്യൂസ് അപ്ഡേറ്റ്	10.00	ഷാർപ് 10
02.30	ഫാസ്റ്റ് ന്യൂസ്	10.30	നൈറ്റ് റിപ്പോർട്ട്
03.00	ന്യൂസ് അപ്ഡേറ്റ്	11.00	മിഡ് ഈസ്റ്റ് അവർ

സൗത്ത് ഇന്ത്യൻ ബാങ്ക് (SOUTH INDIAN Bank)
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമ